**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന ടെന്നീസ് വോളിബോൾ ചാമ്പ്യൻഷിപ്പ് 2017 – കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 837/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 23.03.2017

പരാമർശം:- 1. കൊടുവള്ളി നിയോജകമണ്ഡലം എം.എൽ.എ ശ്രീ. കാരാട്ട് റസാഖിന്റെ 06.03.2017 ലെ 226/2017/KDLY നമ്പർ കത്ത്.
2. സ.ഉ.(എം.എസ്)58/06/തസ്വഭവ തീയതി 16/02/2006.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2017 ഏപ്രിൽ 22, 23 തീയതികളിൽ പുതുപ്പാടി മിനിസ്റ്റേഡിയത്തിൽ നടക്കുന്ന സംസ്ഥാന ടെന്നീസ് വോളിബോൾ ചാമ്പ്യൻഷിപ്പിന്റെ വിജയകരമായ നടത്തിപ്പിന് വേണ്ടി കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 5000/- (അയ്യായിരം) രൂപ വീതവും നഗരസഭകളിൽ നിന്നും 10,000/- (പതിനായിരം) രൂപ വീതവും ധനസഹായം നൽകുന്നതിന് അവരവരുടെ കമ്മിറ്റി / കൗൺസിൽ തീരുമാനത്തിനും പരാമർശം (2) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരള സംസ്ഥാന ടെന്നീസ് വോളിബോൾ അസോസിയേഷൻ സെക്രട്ടറി ആഡിറ്റ് ചെയ്ത വരവ് ചെലവുകളുടെ അടിസ്ഥാനത്തിൽ ധന വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.വി.കെ.ബേബി.ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (പകർപ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിനായി)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം ( പകർപ്പ് ബന്ധപ്പെട്ട നഗരസഭകൾക്ക് ലഭ്യമാക്കുന്നതിനായി)
സെക്രട്ടറി, കേരള സംസ്ഥാന ടെന്നീസ് വോളിബോൾ അസോസിയേഷൻ, പുതുപ്പാടി പി.ഒ, കോഴിക്കോട് - 673586
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ